➯ *പദ്ധതികൊണ്ടുള്ള നേട്ടം വിമാനമോടിക്കുന്ന ബൽജിയംകാരനായ പൈലറ്റിനു മാത്രമാണ്* ➯

# ജലവിമാനത്തിനെതിരെ പ്രതിഷേധം ശക്തം

കേരളീയം വാർത്താശൃംഖല

**കേരളത്തിന്റെ** വിനോദ സഞ്ചാര മേഖലയിലേക്കെത്തിയിരിക്കുന്ന പുതിയ സംരംഭമായ സീപ്ലെയനിനെതിരെ പ്രതിഷേധം വ്യാപകമാകുന്നു. യാത്രാ ആവശ്യങ്ങൾക്ക് ഒട്ടും പരിഗണിക്കാൻ കഴിയാത്ത ഈ സംരംഭം കേവലം വിനോദത്തിനുള്ള ഒരു ഉപാധി മാത്രമായാണ് കേരളത്തിലേക്ക് എത്തിയിരിക്കുന്നത്. വേമ്പനാടും അഷ്ടമുടിയും അടക്കമുള്ള കേരളത്തിലെ പ്രധാന കായലുകൾ പൂർണ്ണമായും വിനോദ സഞ്ചാരത്തിനായി മാറ്റാനുള്ള പരിപാടിയുടെ ഭാഗമാണ് ജലവിമാനമെന്നും തങ്ങളുടെ ജീവിത മാർഗ്ഗത്തെ ഇത് പ്രതികൂലമായി ബാധിക്കുമെന്നും പറഞ്ഞുകൊണ്ടാണ് മത്സ്യത്തൊഴിലാളികൾ പദ്ധതിക്കെതിരെ രംഗത്തെത്തിയിരിക്കുന്നത്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ വേമ്പനാട്, അഷ്ടമുടിക്കായലുകളിലായി ആയിരക്കണക്കിന് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും കക്കാവാരൽ തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടുമെന്ന് അവർ പറയുന്നു.

ഏഴോ എട്ടോ മണിക്കൂർ മാത്രമാണ് ഇപ്പോൾ സർവീസിന് ഇറക്കിയിട്ടുള്ള വിമാനം പറത്തുന്നത്. പൈലറ്റിനു പുറമെ അഞ്ചു യാത്രക്കാർക്കാണ് സഞ്ചരിക്കാൻ സൗകര്യമുള്ളത്. യാത്രക്കാർ ഒരു മണിക്കൂർ സഞ്ചരിച്ചാൽ ഒരു ദിവസം പരമാവധി 40 പേർക്കും അരമണിക്കൂർ സഞ്ചരിച്ചാൽ 80 പേർക്കും മാത്രമാണ് യാത്ര ചെയ്യാനാകുക. ഒരു കിലോമീറ്റർ നീളത്തിലും 250 മീറ്റർ വീതിയിലുമുള്ള പ്രദേശമാണ് പദ്ധതിക്കായി ഉപയോഗപ്പെടുത്തുക എന്നായിരുന്നു പ്രഖ്യാപനം. എന്നാൽ പദ്ധതിയുടെ തുടക്കത്തിൽത്തന്നെ ഇരു കായലിലെയും രണ്ടു കിലോമീറ്റർ പ്രദേശമാണ് കെട്ടിയടച്ചത്. 500 ഏക്കറിലേറെ വിസ്തൃതിയുള്ള പ്രദേശത്താണ് ഇത്തരത്തിൽ മത്സ്യത്തൊഴിലാളികളെ തടഞ്ഞത്.

വിമാനമിറങ്ങിയാൽ ഒരു വർഷത്തേക്ക് ഒരു രൂപപോലും സർക്കാരിന് ലഭിക്കുന്നില്ലെങ്കിലും പ്രചാരണത്തിനായി സർക്കാർ പൊടിപൊടിക്കുന്നത് കോടികളാണ്. പദ്ധതികൊണ്ടുള്ള നേട്ടം വിമാനമോടിക്കുന്ന ബൽജിയംകാരനായ വൈറ്റിൽ ഫാബ്രിക് എന്ന പൈലറ്റിനു മാത്രമാണ്. അഞ്ചു ലക്ഷം രൂപയാണ് തുടക്കത്തിൽ ഇയാളുടെ ശമ്പളം. താമസസൗകര്യം, ഭക്ഷണം എന്നിവയ്ക്കായുള്ള ചെലവും മൂന്നുമാസം കൂടുമ്പോൾ നാട്ടിലേക്ക് പറക്കാനുള്ള വിമാനടിക്കറ്റിന്റെ ചെലവും ഇതിനു പുറമെയാണ്. പദ്ധതി ലാഭമായാൽ ഇതിനു നേതൃത്വം നൽകുന്ന കൈരളി ഏവിയേഷൻ എന്ന സ്വകാര്യ സ്ഥാപനത്തിനാണ് നേട്ടമെല്ലാമുണ്ടാകുന്നത്. എന്നാൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി വലിയ വിലകൊടുക്കേണ്ടിവരുന്ന, മത്സ്യസമ്പത്തിനെ ആശ്രയിച്ച് കഴിയുന്ന ആയിരക്കണക്കിന് തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യത്തിലാകും.

പാരിസ്ഥിതിക ആഘാത പഠനങ്ങളൊന്നും നടത്താതെയാണ് പദ്ധതി വരുന്നത് എന്നതാണ് മറ്റൊരു പ്രശ്നം. ഏവിയേഷൻ സ്ഥാപനമായ പവൻഹൻസിന്റെ സാധ്യതാപഠന റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിലാണ് കൈരളി ഏവിയേഷനെ സർക്കാർ ക്ഷണിച്ചിരിക്കുന്നത്. ജലവിമാനം ജലപ്പരപ്പിലുണ്ടാക്കുന്ന വലിയ തോതിലുള്ള ഇളക്കം ജലത്തിലെയും ചുറ്റിലുമുള്ള പ്രദേശത്തെയും ജീവജാലങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് പരിസ്ഥിതി വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 2500 അടി നീളവും ഒന്നര മീറ്ററിലേറെ ആഴവും എണ്ണൂർ അടി വീതിയുമുള്ള റൺവേയാണ് പദ്ധതി ആവശ്യപ്പെടുന്നത്. ഇത്തരത്തിൽ കായലിന്റെ വലിയൊരു ഭാഗത്തായി നടക്കുന്ന ബാഹ്യഇടപെടലായിട്ടുപോലും പാരിസ്ഥിതിക പഠനങ്ങൾ നടത്താത്ത് പ്രതിഷേധാർഹമാണ്. ഇപ്പോൾ തന്നെ വിനോദ സഞ്ചാരത്തിന്റെ ഭാഗമായുള്ള ഹൗസ് ബോട്ടുകളെയും സ്പീഡ് ബോട്ടുകളെയും കൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന കായലുകളിലേക്കാണ് ജലവിമാനമെത്തുന്നത് എന്നതും ആശങ്കൾ വർദ്ധിപ്പിക്കുന്നു.

തണ്ണീർമുക്കം ബണ്ട് തുറക്കണമെന്ന പരിസ്ഥിതി പ്രവർത്തകരുടെയും മത്സ്യതൊഴിലാകളുടെയും നാളുകളായി നിലനിൽക്കുന്ന ആവശ്യത്തെയും ജലവിമാനം അട്ടിമറിക്കാൻ കാരണമാകും. വിമാനത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ഓരുവെള്ളത്തിൽ ദ്രവിച്ചുപോകുന്ന വയായതിനാൽ തണ്ണീർമുക്കം ബണ്ട് തുറക്കാതിരിക്കാൻ ജലവിമാന സംരംഭകർ സമ്മർദ്ദം ചെലുത്താനുള്ള സാധ്യതയുണ്ട്.

അതിസമ്പന്ന രാജ്യങ്ങളിലെ ടൂറിസം വിനോദങ്ങൾ തദ്ദേശീയ സമ്പദ്‌വ്യവസ്ഥയേയും പരിസ്ഥിതിയേയും തകർത്തുകൊണ്ട് ഇറക്കുമതി ചെയ്യുന്ന നടപടിയിൽ പ്രതിഷേധിച്ച് ആദ്യ പറക്കൽ ദിവസമായ ജൂൺ 2ന് വിമാനം പുന്നമടക്കായലിൽ ഇറക്കാൻ അനുവദിക്കാതെ മത്സ്യത്തൊഴിലാളികൾ തടഞ്ഞു. ജലവിമാനം ഇറങ്ങുന്ന വാട്ടർ ഡ്രോം അവർ ഉപരോധിച്ചു. അഷ്ടമുടിക്കായലിലെ ഉദ്ഘാടനത്തെത്തുടർന്ന് പറന്നുയർന്ന വിമാനത്തിന് ഒടുവിൽ അവിടെത്തന്നെതിരിച്ചിറങ്ങേണ്ടിവന്നു. ■